**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 187** **23-08-2022 - ൽ മറുപടിയ്ക്ക്**

**പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നത്; വിശദമാക്കുമോ? | (എ) | പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ പൊതുജന ങ്ങൾക്കായി OP സേവനം, ജീവിതശൈലി രോഗനിർണയം, കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവയ്പ്, കോവിഡ് വാക്സിനേഷൻ, TB elimination ന്റെ ഭാഗമായി Sputum Testing School Health Programme, Ophthalmic സേവനങ്ങൾ, ക്യാൻസർ നിർണ്ണയ ക്യാമ്പ്, NLEP Programmes National Health Programmes എന്നിവയുടെ ഭാഗമായുള്ള സേവനങ്ങൾ നൽകി വരുന്നു. കൂടാതെ, ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യകേന്ദ്രമായി പരിവർത്തനം ചെയ്യപ്പെടുന്ന പ്രവർത്തനം ഘട്ടം ഘട്ടമായി നടന്നു വരുന്നു. Family Welfare Services, പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ, സാന്ത്വന പരിചരണം. കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്ത പ്പെടുന്നതോടെ കൂടുതൽ അടിസ്ഥാന സൗകര്യം, ചികിത്സാ സൗകര്യം എന്നിവ ഏർപ്പെടുത്തുകയും OP വിഭാഗം രോഗീ സൗഹൃദമാവുകയും ചെയ്യുന്നു. കൂടാതെ മെച്ചപ്പെട്ട ലബോറട്ടറി സേവനം അതിലൂടെ പ്രാഥമിക തലത്തിൽ രോഗ നിർണ്ണയം നടത്തുവാനും ജീവിതശൈലി രോഗങ്ങൾ നേരത്തെ കണ്ടെത്തി ചികിത്സ ലഭ്യമാക്കുവാനും കഴിയുന്നു. OP സേവനങ്ങൾ രാവിലെ 9 മുതൽ വൈകുന്നേരം 6 മണിവരെ ലഭ്യമാക്കുകയും ചെയ്യുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആസ്മ / ശ്വാസം മുട്ട് രോഗങ്ങൾക്കുള്ള ശ്വാസ് ക്ലിനിക്ക്, മാനസിക ആരോഗ്യ പരിചരണത്തിനുള്ള ആശ്വാസ് ക്ലിനിക്ക് എന്നീ സേവനങ്ങളും നൽകി വരുന്നു. ആരോഗ്യ വാളണ്ടിയർമാരുടെ സേവനം ഫീൽഡ് തലത്തിൽ ലഭ്യമാക്കി വരുന്നു. ഡോക്ടർമാരെ കാണുന്നതിനു മുൻപ് നഴ്സുമാർ വഴി പ്രീ ചെക്കപ്പ് സേവനവും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ